**പതിമൂന്നാം കേരള നിയമസഭ**

**<u>പതിമൂന്നാം സമ്മേളനം</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 714** **11.03.2015-ൽ മറുപടിക്ക്**

**<u>ആളോഹരി ചികിത്സാ ചെലവ്</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. സി. ദിവാകരൻ<br>" ജി.എസ്. ജയലാൽ<br>" ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഗീതാ ഗോപി | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | രാജ്യത്ത് ആളോഹരി ചികിത്സാ ചെലവ് ഏറ്റവും കൂടുതൽ കേരളത്തിലാണെന്ന് ചൂണ്ടിക്കാട്ടുന്ന പ്ലാനിംഗ് കമ്മീഷന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് റിപ്പോർട്ടിലെ കൂടുതൽ വിവരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | പ്ലാനിംഗ് കമ്മീഷൻ 2011 നവംബറിൽ പ്രസിദ്ധീകരിച്ച ഹൈലെവൽ എക്സ്പെർട്ട് ഗ്രൂപ്പ് റിപ്പോർട്ട് ഓൺ യൂണിവേഴ്സൽ ഹെൽത്ത് കവറേജ് ഫോർ ഇന്ത്യ എന്ന റിപ്പോർട്ടിൽ 2008-09-ലെ ആളോഹരി ചികിത്സാചെലവ് കേരളം (498 രൂപ), തമിഴ് നാട് (411 രൂപ), മദ്ധ്യപ്രദേശ് (229 രൂപ), ബീഹാർ (163 രൂപ) എന്നിങ്ങനെ വിശദീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം ആളോഹരി ചികിത്സാ ചെലവുകളിലെ ഈ വ്യത്യാസം സംസ്ഥാനങ്ങളിലെ ആരോഗ്യരംഗത്തെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും സേവനങ്ങളുടെ മികവും സൂചിപ്പിക്കുന്നു. |
| (ബി) | ആരോഗ്യ ചികിത്സയ്ക്ക് ആളോഹരിയുള്ള സ്വകാര്യ മേഖലാ ചെലവും, പൊതു മേഖലാ ചെലവും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | ആരോഗ്യ ചികിത്സയ്ക്ക് ആളോഹരിയുള്ള സ്വകാര്യ മേഖലാ ചെലവും, പൊതു മേഖലാ ചെലവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. |
| (സി) | ചികിത്സാചെലവ് ഉയരുന്നതിൽ സർക്കാർ ഇടപെടലുകൾ എത്രത്തോളം ഫലപ്രദമാണ്; വ്യക്തമാക്കുമോ? | (സി) | മെഡിക്കൽ കോളേജ് ആശുപത്രികളിലും മറ്റ് സർക്കാർ ആശുപത്രികളിലും ഡയഗനോസ്റ്റിക് & റേഡിയോളജി, ക്യാൻസർ ചികിത്സ എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ചികിത്സാ ചെലവ് കുറയ്ക്കുന്നതിന് സഹായകമായിട്ടുണ്ട്. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി രോഗികൾക്ക് സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**